**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തു വകകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തുവകകൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ എന്ന് വരെയുള്ള അപേക്ഷകൾക്കാണ് പണം അനുവദിച്ചിട്ടുള്ളത്; ഇക്കാര്യത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തുവക-കൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരി-ഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ ചുരുക്കം ചില വനം ഡിവിഷനുകളിൽ ഒഴികേ മറ്റെല്ലാ ഡിവിഷനുകളിലും 2024 മാർച്ച് 31 വരെയുള്ള അപേക്ഷകളിന്മേൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ചില ഡിവിഷനുകളിൽ നാളിതുവരെ ലഭ്യമായ അപേക്ഷകളിന്മേലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. എന്നു വരെയുള്ള അപേക്ഷകൾക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത് എന്നതിന്റെ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ :<br>ടി സർക്കിളിന്റെ പരിധിയിൽ 2023-2024 സാമ്പത്തിക വർഷം വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.<br>2. സതേൺ സർക്കിൾ, കൊല്ലം:<br>ടി സർക്കിളിന്റെ പരിധിയിലുള്ള തിരുവനന്തപുരം, അച്ചൻകോവിൽ, റാന്നി, കോന്നി, പുനലൂർ എന്നീ ഡിവിഷനുകളിൽ 2024 മെയ് 15 വരെയും, തെന്മല ഡിവിഷനിൽ 16.04.2024 വരെയും ലഭ്യമായ എല്ലാ അപേക്ഷകർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br>3. ഹൈറേഞ്ച് സർക്കിൾ, കോട്ടയം:<br>ടി സർക്കിളിനു കീഴിലെ കോട്ടയം, കോതമംഗലം, മാങ്കുളം എന്നീ ഡിവിഷനുകളിൽ 2023-24 സാമ്പത്തിക വർഷം വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കി തുക വിതരണം ചെയ്തിട്ടുണ്ട്. മൂന്നാർ ഡിവിഷനിൽ 2023 ജൂലൈ മാസം വരെയും, മറയൂർ ഡിവിഷനിൽ 2023 ഡിസംബർ വരെയും ലഭിച്ച അപേക്ഷകൾ തീർപ്പാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.<br>4. വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം:<br>ടി സർക്കിളിന്റെ പരിധിയിൽ നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കി തുക വിതരണം ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | 5. സെൻട്രൽ സർക്കിൾ, തൃശ്ശൂർ:<br>ടി സർക്കിളിന്റെ പരിധിയിൽ തൃശ്ശൂർ ഡിവിഷനിൽ 2024 ഫെബ്രുവരി മാസം വരെയും, വാഴച്ചാൽ ഡിവിഷനിൽ 2024 മാർച്ച് മാസം വരെയും, ചാലക്കുടി ഡിവിഷനിൽ 2023 ഡിസംബർ മാസം വരെയും, മലയാറ്റൂർ ഡിവിഷനിൽ 2023 നവംബർ മാസം വരെയും ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br>6. ഈസ്റ്റേൺ സർക്കിൾ, പാലക്കാട് :<br>ടി സർക്കിളിന്റെ പരിധിയിൽ 2023-2024 സാമ്പത്തിക വർഷം വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.<br>7. വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട്:<br>ടി സർക്കിളിന്റെ പരിധിയിലുള്ള സൈലന്റ് വാലി ഡിവിഷനിൽ ഇതുവരെ ലഭിച്ച അപേക്ഷകൾക്കെല്ലാം നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. പീച്ചി ഡിവിഷനിൽ ഡിസംബർ-2023 വരെയും വയനാട് ഡിവിഷനിൽ ജനുവരി- 2024 വരെയും ലഭിച്ച അപേക്ഷകളിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.<br>8. നോർത്തേൺ സർക്കിൾ, കണ്ണൂർ :<br>ടി സർക്കിളിന്റെ പരിധിയിൽ കാസർഗോഡ് ഡിവിഷനിൽ 2024 മാർച്ച് വരെയും, നോർത്ത് വയനാട്/ സൌത്ത് വയനാട് ഡിവിഷനുകളിൽ 2023 ഡിസംബർ വരെയും, കണ്ണൂർ ഡിവിഷനിൽ 2023 ഏപ്രിൽ വരെയും, കോഴിക്കോട് ഡിവിഷനിൽ 2023 ഒക്ടോബർ വരെയും ലഭ്യമായ അപേക്ഷകളിന്മേൽ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ട്.<br><br>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്രധാന രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം മൂലമാണ് ചില അപേക്ഷളിന്മേൽ നഷ്ടപരിഹാരം നൽകാൻ സാധിക്കാത്തത്. വന്യജീവി ആക്രമണം മൂലം കൃഷിക്കും മറ്റ് വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റിൽ വിഹിതം അനുവദിക്കാറുണ്ടെങ്കിലും, അപേക്ഷകളുടെ ആധിക്യം മൂലം ടി ഫണ്ട് പര്യാപ്തമാകാറില്ല. ഇത്തരത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലവും, അപേക്ഷകർ മതിയായ രേഖകൾ ഹാജരാക്കുന്നതിലെ കാലതാമസവും ഒഴികെ നഷ്ടപരിഹാരം അനുവദിക്കുന്നതിന് മറ്റ് കാലതാമസങ്ങളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ